# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3133** **21/08/2017** ൽ മറുപടിക്ക്

## പുറമ്പോക്ക് ഭൂമി സ്വകാര്യവ്യക്തിക്ക് പതിച്ചു നൽകുന്നതിനെതിരെ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** കാസർഗോഡ് ജില്ലയിൽ ചെങ്കള ഗ്രാമപഞ്ചായത്തിൽ മുട്ടത്തോടി വില്ലേജിൽ റീസർവ്വെ നമ്പർ 369/pt യിൽ പെട്ട പുറമ്പോക്ക് ഭൂമി സ്വകാര്യവ്യക്തിക്ക് പതിച്ചു നൽകാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | **എ)** ഉണ്ട്. ചെങ്കള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22/09/2011 തീയതിയിലെ 127/11(1) നമ്പർ തീരുമാനം പ്രകാരം ശ്രീ. അബ്ബാസ്. സി.എ S/o മുഹമ്മദ്, പൊടിപ്പള്ളം, ചെങ്കള എന്നയാൾക്ക് മുട്ടത്തൊടി വില്ലേജിലെ റിസർവ്വേ നമ്പർ 369/പി.ടി.യിൽ പെട്ട 8.75 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് പഞ്ചായത്തിന് ആക്ഷേപമില്ല എന്ന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| **ബി)** ടി വ്യക്തി വിവിധ കാലങ്ങളിൽ സർക്കാർ ഭൂമി പതിച്ചുവാങ്ങി വിൽപന നടത്തിയിട്ടുള്ള ആളാണെന്നുള്ള പരാതി ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | **ബി)** ഇത് സംബന്ധിച്ച് ശ്രീ. സുലൈമാൻ കെ., കൺവീനർ , ആക്ഷൻ കമ്മിറ്റി, പൊടിപ്പളം, മുട്ടത്തൊടി എന്നയാളുടെ പരാതി ലഭിച്ചിട്ടുണ്ട്. |
| **സി)** ഈ പരാതി അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | **സി)** ഉണ്ട് ; പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിരുന്നു. ടി വ്യക്തിക്ക് 2011 ൽ സ്വന്തമായി സ്ഥലമില്ലായിരുന്നുവെന്നും എന്നാൽ 2015 ൽ ടിയാന്റെ പിതാവിന്റെ പേരിലുള്ള 8 സെന്റ് സ്ഥലം മരണശേഷം ലഭ്യമായത് ടിയാന്റെ മകൻ ശ്രീ. അബ്ദുൽ ഖലീലിനും, ഖലീൽ അത് അബ്ബാസിന്റെ സഹോദരൻ ശ്രീ. ബഷീറിനും കൈമാറിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. |

| | |
|---|---|
| ഡി) ഇതു സംബന്ധിച്ച് തദ്ദേശ വകുപ്പിലുള്ള ആർ.സി.4/554/2015/ എൽ.എസ്.ജി.ഡി. ഫയലിൽ തുടർനടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) ശ്രീ. സുലൈമാൻ കെ., കൺവീനർ , ആക്ഷൻ കമ്മിറ്റി പൊടിപ്പള്ളം, മുട്ടത്തൊടി എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ